# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3550 — 17.10.2011-ൽ മറുപടിക്ക്

## കേരളത്തിനനുയോജ്യമായ രീതിയിൽ എൻ.ആർ.എച്ച്.എം പദ്ധതിയുടെ നടത്തിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം പദ്ധതി നടത്തിപ്പ് സംസ്ഥാനത്തിനനുയോജ്യമായ നിലയിൽ മാറ്റം വരുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (ബി) എൻ.ആർ.എച്ച്.എം പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്ന പ്രവർത്തനങ്ങൾ രണ്ടായി തരംതിരിക്കാം.<br>1. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മാത്രം നടത്താൻ കഴിയുന്ന പ്രവർത്തനം.<br>2. കേരളത്തിന് ആവശ്യമായതും എന്നാൽ എൻ.ആർഎച്ച്.എം-ന്റെ പരിധിയിൽ വരുന്നതുമായ പ്രവർത്തനങ്ങൾ -<br>ഈ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ ആവശ്യാനുസരണം തയ്യാറാക്കിയ പദ്ധതിരേഖ ക്രോഡീകരിച്ചാണ് കേന്ദ്രസർക്കാരിന് പദ്ധതി സമർപ്പിക്കുന്നത്. നിലവിലുള്ള പ്രവർത്തനങ്ങൾ ആവശ്യാനുസരണം വ്യതിയാനം നടത്തി പദ്ധതിരേഖ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷം നടപ്പിലാക്കാവുന്നതാണ്. |
| (സി) 2010-11 വർഷത്തിൽ എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ; | (സി) 2010-11 വർഷത്തിൽ എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരം സംസ്ഥാനത്ത് 239.20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) 2010-11 വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (ഡി) മെഡിക്കൽ ഓഫീസർമാരുടെയും ഫീൽഡ് സ്റ്റാഫിന്റെയും പലപ്പോഴായിട്ടുള്ള സമരം കാരണം ആരോഗ്യ സ്ഥാപനങ്ങൾക്ക് (പി.എച്ച്.സി/ സി.എച്ച്.സി/ഡബ്ല്യൂ.എച്ച്.എസ്.സി) അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാൻ 2010-11-ൽ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ